102 (1705) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിനുള്ള നടപടി

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമിച്ച എത്ര വികലാംഗരെ സ്ഥിരപ്പെടുത്തിയിട്ടുണ്ട്;

(ബി) ഇതിൽ ബധിരർ, കാഴ്ചയില്ലാത്തവർ, മറ്റു വികലാംഗർ എന്നിവർ എത്രവീതമുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി പ്രമാണിച്ച് 1.1.97 മുതൽ 14.8.98 വരെ താൽക്കാലിക സർവ്വീസിലുണ്ടായിരുന്ന വികലാംഗ ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തിക്കൊണ്ട് 13.10.99 ൽ ജി.ഒ.(പി) 18/99/പി.ആന്റ്.എ.ആർ.ഡി. ഉത്തരവ് പുറപ്പെടുവിച്ചു. എന്നാൽ ടി ഉത്തരവ് പ്രകാരം വികലാംഗരെ സ്ഥിരപ്പെടുത്തുന്നതിനെതിരെ എറണാകുളം ജില്ലാ പി.എസ്.സി. ലാസ്റ്റ് ഗ്രേഡ് സെർവ്വന്റ്സ് റാങ്ക് ഹോൾഡേഴ്സ് അസ്സോസിയേഷൻ ഫയൽ ചെയ്ത 26999/99-ാം നമ്പർ ഒ.പി. യിൽ ഹൈക്കോടതി 1.11.99 ൽ താല്ക്കാലിക സ്റ്റേ അനുവദിച്ചിരിക്കുകയാണ്. ഹൈക്കോടതിവിധി കർശനമായും പാലിക്കാൻ എല്ലാ വകുപ്പു മേധാവികൾക്കും/നിയമനാധികാരികൾക്കും/ജില്ലാ കളക്ടർമാർക്കും 15.11.99 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ സ്റ്റേ വെക്കേറ്റ് ചെയ്യുന്ന മുറയ്ക്കു മാത്രമേ അനന്തര നടപടി സ്വീകരിക്കാൻ നിർവ്വാഹമുള്ളൂ. സ്റ്റേ വെക്കേറ്റ് ചെയ്യിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

103 (1706) മദ്യ ഉല്പന്നങ്ങളുടെ പരസ്യം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി.ജെ. ഫ്രാൻസീസ് :
ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാധ്യമങ്ങളിലൂടെ മദ്യ ഉല്പന്നങ്ങളുടെ പരസ്യം നല്കുന്നത് വിലക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിരോധനം പാലിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ;

(സി) സംസ്ഥാനത്തെ സ്വകാര്യ ടെലിവിഷൻ ചാനലുകളിൽ വിവിധയിനം മദ്യങ്ങളുടെ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ മാധ്യമങ്ങളിലൂടെയുള്ള ഇത്തരം പരസ്യങ്ങൾ പ്രദർശിപ്പിക്കാതിരിക്കുന്നതിന് സംസ്ഥാന സർക്കാരിന് എന്തു ചെയ്യാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly